കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലാ പഞ്ചായത്ത് - റോഡുകൾ അറ്റകുറ്റപ്പണി/നിർമ്മാണം ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിന് പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 375/2018/തസ്വഭവ | തിരുവനന്തപുരം, തീയതി, 07.02.2018

വായന :- 1. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2017-ലെ DP3-2079/13-ാം നമ്പർ കത്തും 18.12.2017-ലെ 19-ാം നമ്പർ ഭരണസമിതി തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018-ലെ 4.32 നമ്പർ തീരുമാനം

## ഉത്തരവ്

എറണാകുളം ജില്ലയിലെ പള്ളുരുത്തി, പറവൂർ, വൈപ്പിൻ ബ്ലോക്കുകളിലെ തീരദേശ മേഖലയിലെ പഞ്ചായത്തുകളിൽ റോഡുകൾ മിക്കതും 6 മീറ്റർ വീതിയില്ലാത്തവയാണെന്നും ആയതിനാൽ തീരദേശങ്ങളിൽ വീതി പരിഗണിക്കാതെ ജില്ലാ പഞ്ചായത്ത് തനിച്ചോ ഗ്രാമപഞ്ചായത്തുമായി ചേർന്നോ റോഡുകൾ അറ്റകുറ്റപ്പണി/നിർമ്മാണം നടത്താൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച് പ്രസ്തുത യോഗത്തിന്റെ 4.32 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ഗ്രാമപഞ്ചായത്തിന് കൈമാറിക്കൊണ്ട് തീരദേശങ്ങളിൽ വീതി പരിഗണിക്കാതെ റോഡുകൾ അറ്റകുറ്റപ്പണി/നിർമ്മാണം ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ